DESPATCH
On 20/12/21

06/12/21



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP.No.1830(4)/2020/SIC**

**തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.10729/SIC-Gen 2/2020**
**സന്നിഹിതൻ**

**ശ്രീ.**കെ.വി. സുധാകരൻ, സംസ്ഥാന **വിവരാവകാശ കമ്മീഷണർ**

(തീയതി 06.12.2021)

| | |
|---|---|
| ശ്രീ. കെ.കെ.വാസുദേവൻ,<br>ആദിയില്ലത്ത് ത്രിവേണി,<br>കൊഴുവല്ലൂർ പി.ഒ,<br>ചെങ്ങന്നൂർ | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റി,<br>കോടതി സമുച്ചയം, ചെങ്ങന്നൂർ- 689 121.<br><br>2. അപ്പീൽ അധികാരി &<br>സെക്രട്ടറി/സബ് ജഡ്ജ്,<br>ജില്ലാ നിയമ സേവന അതോറിറ്റി,<br>ആലപ്പുഴ. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 30.01.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 25.02.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 24.03.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 19.08.2020 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 14.10.2020 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 19.10.2020 |

## അന്തിമ **ഉത്തരവ്**

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 25.09.2021ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്.

2. ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം അപ്പീൽ ഹർജിക്കാരന് ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് പൂർണ്ണമായും സൗജന്യമായി നൽകണമെന്നാണ് ടി ഉത്തരവിൽ പറഞ്ഞിരുന്നത്. അതോടൊപ്പം രണ്ടാം എതിർകക്ഷി അപ്പീൽ തീർപ്പാക്കാൻ അഞ്ചുമാസത്തോളം സമയം എടുത്തതും, അപ്പീൽ തീർപ്പാക്കുന്ന ഘട്ടത്തിൽ പകർപ്പുകൾക്ക് ഫീസടക്കാൻ ആവശ്യപ്പെട്ടതും ശരിയായ നടപടിയല്ലെന്നും, ആയതുകൊണ്ട് യഥാസമയം വിവരങ്ങളും രേഖകളുടെ പകർപ്പും നൽകുന്നതിൽ വീഴ്ചവരുത്തിയ ഒന്നാം എതിർകക്ഷിക്കെതിരെയും, അപ്പീൽ തീർപ്പാക്കുന്നതിൽ കൃത്യവിലോപം കാട്ടിയ രണ്ടാം എതിർകക്ഷിക്കെതിരെയും വിവരാവകാശ നിയമപ്രകാരം നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, 15 ദിവസത്തിനുള്ളിൽ കമ്മീഷനെ അറിയിക്കണമെന്നുമായിരുന്നു ഉത്തരവിൽ പറഞ്ഞിരുന്നത്.

3. ഇതനുസരിച്ചുള്ള ഒന്നാം എതിർകക്ഷിയുടെ വിശദീകരണം 03.11.2021 ൽ കമ്മീഷന് ലഭിച്ചു. അതിൽ ഇപ്രകാരം പറയുന്നു.

"ശ്രീ. കെ.കെ.വാസുദേവന്റെ വിവരാവകാശ അപേക്ഷയിൽ ഹിയറിംഗ് നടത്തുന്നതിനായി സൂചന 2 പ്രകാരം നോട്ടീസ് നൽകിയിരുന്നു. എന്നാൽ ലോക്ഡൗൺ കാരണം ചെങ്ങന്നൂരിൽ നിന്നും ആലപ്പുഴയിലേക്ക് ഗതാഗത സൗകര്യം ഇല്ലാത്തതിനാൽ വേറൊരു ദിവസത്തേക്ക് ഹിയറിംഗ് മാറ്റണമെന്ന് സൂചന 3 പ്രകാരം അപേക്ഷിച്ചിരുന്നു. ആയത് കണക്കിലെടുത്ത് 03.06.2020 ന് ടിയാന് സൂചന 4 പ്രകാരം ഹിയറിംഗിന് നോട്ടീസ് നൽകിയിരുന്നു. 03.06.2020 ന് ടിയാൻ ഹാജരായി. കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായുള്ള ജീവനക്കാരുടെ ലഭ്യതക്കുറവ്മൂലം 04.08.2020 വരെ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാതെ പോയി.

04.08.2020 ന് ടി വിഷയത്തിൽ വ്യക്തത വരുത്തുന്നതിനായി ചെങ്ങന്നൂർ താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റിയുടെ പ്രതിനിധിയോട് ബന്ധപ്പെട്ട രേഖകൾ സഹിതം 18.08.2020 ന് ഹാജരാകാൻ ആവശ്യപ്പെട്ടുകയും 18.08.2020 ഹാജരായി രേഖകൾ പരിശോധിക്കുകയും ശ്രീ. കെ.കെ. വാസുദേവന്റെ വാദങ്ങളും പരിഗണിച്ച് 19.08.2020 ന് ഉത്തരവ് നൽകിയിട്ടുള്ളതുമാകുന്നു.

സൂചന 5 പ്രകാരം 65 വയസ്സിൽ കൂടുതൽ ഉള്ള ആളുകൾക്ക് കോവിഡ് മാനദണ്ഡമനുസരിച്ച് യാത്ര ചെയ്യാൻ പാടുള്ളതല്ലെന്ന് ഗവൺമെന്റ് വിലക്കിയിട്ടുണ്ട്. ആയതുകൊണ്ട് അപ്പീൽ അപേക്ഷകൻ മേൽപറഞ്ഞ വിഭാഗത്തിൽപെട്ട ആളായത് കൊണ്ട് കോവിഡ് മഹാമാരിയുടെ വ്യാപനം ടി കാലത്ത് നിലവിലുള്ളത് കൊണ്ടും രേഖകൾ ചെങ്ങന്നൂർ താലൂക്ക് ലീഗൽ സർവീസ് കമ്മിറ്റിയിൽ നിന്നും ആലപ്പുഴയിൽ വരുത്തി പരിശോധിക്കുന്നതിനും സാധ്യമല്ലാതെ വന്നതുകൊണ്ടാണ് അപ്പീൽ തീർപ്പാക്കാൻ കാലതാമസം വന്നത് മനപൂർവ്വമായ വീഴ്ചയല്ല.

ബഹുമാനപ്പെട്ട സുപ്രീംകോടതി കാലഹരണ കാലാവധി പല ഉത്തരവുകളിലൂടെ കോവിഡ് കാലത്ത് നീട്ടി കൊടുത്തിട്ടുണ്ട്. സൂചന 6 പ്രകാരം ബഹു. സുപ്രീംകോടതി 2021 (5) KLT 689 റിപ്പോർട്ട് ചെയ്തിട്ടുള്ള ഉത്തരവിൽ 15.03.2020 മുതൽ 12.10.2021 വരെയുള്ള കാലത്തെ കാലഹരണ ദോഷത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ശക്തമായ കോവിഡ് നിയന്ത്രണങ്ങൾ മൂലം ജീവനക്കാരുടെ ഹാജർ സംബന്ധമായും ഓഫീസ് പ്രവർത്തന സംബന്ധമായും കാലാകാലങ്ങളിൽ പുറപ്പെടുവിച്ച വിവിധ ഉത്തരവുകൾ നിലവിലുണ്ടായിരുന്നതുകൊണ്ടാണ് അപ്പീൽ തീർപ്പാക്കാൻ കാലതാമസം ഉണ്ടായതെന്ന് ബോധിപ്പിച്ചുകൊള്ളുന്നു. മുൻപറഞ്ഞ ഉത്തരവുകൾ ഈ വിശദീകരണത്തോടൊപ്പം സമർപ്പിച്ചുകൊള്ളുന്നു.

ടി അപ്പീൽ തീർപ്പാക്കുന്നതിന് കോവിഡ് സാഹചര്യം മൂലമുണ്ടായ ജീവനക്കാരുടെ അപര്യാപ്തത മൂലമാണ് പ്രസ്തുത സമയത്തിനുള്ളിൽ തീർപ്പാക്കാൻ കഴിയാതെ വന്നിട്ടുള്ളത് എന്ന് ബോധിപ്പിച്ചുകൊള്ളുന്നു. മേലിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകാതിരിക്കാനുള്ള നടപടി സ്വീകരിച്ചുകൊള്ളാമെന്ന് ഉറപ്പ് നൽകുന്നു. മേൽ വിശദീകരണം സ്വീകരിച്ച് ഈ ഫയലിന്മേലുള്ള നടപടികൾ തീർപ്പാക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു."

4. ഒന്നാം എതിർകക്ഷിയുടെ വിശദീകരണം കമ്മീഷൻ ഉത്തമവിശ്വാസത്തിലെടുക്കുന്നു. വിവരാവകാശ അപേക്ഷയിൽ സമയബന്ധിതമായി നടപടിയെടുക്കുന്നതിനുണ്ടായ കാലതാമസത്തിന് വസ്തുനിഷ്ഠവും യുക്തിസഹവുമായ വിശദീകരണമാണ് ഒന്നാം എതിർകക്ഷി കമ്മീഷന് നൽകിയിട്ടുളളത്. നൽകേണ്ടിയിരുന്ന പകർപ്പുകൾ ഇതിനകം നൽകിക്കഴിഞ്ഞതായും കമ്മീഷൻ വിലയിരുത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 06.12.2021 ന് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re